**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5648** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീമതി യു പ്രതിഭ</th><th colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരമേറ്റ ശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്നും കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക ഇവയുടെ വിശദാംശങ്ങളും അറിയിക്കാമോ?</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പുതിയ പദ്ധതികൾ "കെ-സ്റ്റോർ", "ഒപ്പം" എന്നിവയാണ്. കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ ടി പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br><u>1) കെ-സ്റ്റോർ</u><br><br>കായംകുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന കായംകുളം മുനിസിപ്പാലിറ്റി, ദേവികുളങ്ങര, കണ്ടല്ലൂർ, പത്തിയൂർ പഞ്ചായത്തുകൾ എന്നിവിടങ്ങളിലായി 7 കെ-സ്റ്റോറുകൾ നിലവിൽ വന്നിട്ടുണ്ട്.<br><br>2) <u>ഒപ്പം പദ്ധതി</u><br><br>കിടപ്പ് രോഗികൾക്ക് ഓട്ടോറിക്ഷാ തൊഴിലാളികളുടെ സഹായത്തോടെ സൗജന്യമായി റേഷൻ വീട്ടിൽ എത്തിച്ചു നൽകുന്ന ഒപ്പം പദ്ധതി നടപ്പിലാക്കി.<br><br>3) <u>മുൻഗണനാ/അന്ത്യോദയ അന്നയോജനാ കാർഡുകൾ</u><br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കായംകുളം മണ്ഡലത്തിൽ 156 അന്ത്യോദയ അന്നയോജനാ കാർഡുകളും 2543 മുൻഗണനാ കാർഡുകളും നൽകിയിട്ടുണ്ട്.<br><br>റേഷൻ കടകൾ വഴി 10/- രൂപ നിരക്കിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന Hilly Aqua കുപ്പി കുടിവെള്ളം ലഭ്യമാക്കുന്ന സുജലം പദ്ധതി നടപ്പിലാക്കി.<br><br>മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾക്കൊന്നും തന്നെ പ്രത്യേക തുക ആവശ്യമുള്ളതല്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ